**"ഭരണഭാഷ- മാതൃഭാഷ"**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി തീർപ്പ്
(നിലവിൽ : സുഭാഷ് ടി വി ഐ.എ.എസ് )

---

നമ്പർ.C2/4/2022-IandPRD തീയതി, തിരുവനന്തപുരം (28-06-2024)

---

വിഷയം:- വികസനക്ഷേമപദ്ധതികളുടെ പ്രചരണാർത്ഥം വകുപ്പിന്റെ വിവിധ ക്യാംപെയിനുകളോടനുബന്ധിച്ച് പരസ്യം ചെയ്യുന്നതിനായി താത്കാലിക ബോർഡുകൾ / ബിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഏജൻസികളെ എംപാനൽ ചെയ്ത് കൊണ്ടും ഇതിനായുള്ള നിരക്ക് നിശ്ചയിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - 1.11.07.2022 , 31.10.2023 തിയതികളിലെ ഇതേ നമ്പർ നടപടിതീർപ്പുകൾ
2. 31.10.2023 ലെ സി2/4/2022/ഐ&പി.ആർ നമ്പർ ഇ ടെണ്ടർ നോട്ടീസ്
3.12.04.2024 ലെ സി2/4/2022/ഐ&പി.ആർ നമ്പർ കത്ത്
4. സൈൻ മാർക്ക് എന്ന സ്ഥാപനത്തിന്റെ 15.05.2024 ലെ ഇ മെയിൽ
5.ഫ്രെയിം ആഡ്സ് & ഇവന്റ്സ് എന്ന സ്ഥാപനത്തിന്റെ 31.05.2024 ലെ കത്ത്.

**ഉത്തരവ്**

വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനസർക്കാരിന്റെ വിവിധ ക്യാംപെയിൻ പരിപാടികളോടനുബന്ധിച്ച് താത്കാലിക ബോർഡ് /ബിൽ ബോർഡ് സ്ഥാപിക്കുന്നതിന് ഏജൻസികളെ എംപാനൽ ലിസ്റ്റിൽ ഒരു വർഷക്കാലയളവിലേക്ക് ഉൾപ്പെടുത്തി സൂചന (1) ലെ 11.07.2022 തിയതിയിലെ നടപടിതീർപ്പ് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലയളവ് പുതിയ പാനൽ നിലവിൽ വരുന്നത് വരെ പുതുക്കിയും സൂചന (1) ലെ 31.10.2023 തിയതിയിലെ നടപടിതീർപ്പ് പ്രകാരവും ഉത്തരവായിരുന്നു. തുടർന്ന് പുതിയ പാനലിലേക്ക് ഏജൻസികളെ ഉൾപ്പെടുത്തുന്നതിനായി സൂചന (2) പ്രകാരം ഇ ടെണ്ടർ ക്ഷണിച്ചിരുന്നു. താഴെ പറയുന്ന 3 ഏജൻസികളാണ് ടെണ്ടറുകൾ സമർപ്പിച്ചിരുന്നത്.

Bid List

| S.No | Bid ID | Bidder Name |
|---|---|---|
| 1 | 1717641 | MUHAMMED SHAFI. P FRAME ADS AND EVENTS |
| 2 | 1721225 | Bennychen T.M (Sign & Mark) |
| 3 | 1721297 | reminder media planners |

2.ടെണ്ടറുകൾ പരിശോധിച്ചതിൽ നിന്നും ഓരോ ജില്ലയും ജോലി നിർവഹിക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള (ഒരു ചതുരശ്ര ഫീറ്റിന്) പട്ടിക ചുവടെ പറയും പ്രകാരമാണ്.

BidderwiseComparativeStatement

Tender Title: Installation of Temporary Boards

Tender ID: 2023_IPRD_619555_1

| Sl.No | Sheet Name | Bidder Name | Description of Work / Item(s) | Item Code | Units | No.of Qty | Rate Without Tax | Tax/Duties (INR) | Rate With Tax | Bid Rank |
|---|---|---|---|---|---|---|---|---|---|---|
| 1 | BoQ1 | reminder media planners | Thiruvananthapuram District | item1 | Sq.ft | 1.00 | 28.000 | 5.040 | 33.040 | L1 |
| | | | Kollam District | item2 | Sq.ft | 1.000 | 28.000 | 5.040 | 33.040 | L1 |
| | | | Pathanamthitta | item3 | Sq.ft | 1.000 | 28.000 | 5.040 | 33.040 | L1 |
| | | | Alappuzha | item4 | Sq.ft | 1.000 | 28.000 | 5.040 | 33.040 | L1 |
| | | | Kottayam | item5 | Sq.ft | 1.000 | 28.000 | 5.040 | 33.040 | L1 |
| | | | Idukki | item6 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Ernakulam | item7 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Thrissur | item8 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Palakkad | item9 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Malappuram | item10 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Kozhikkode | item11 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Wayanad | item12 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Kannur | item13 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |
| | | | Kasargod | item14 | Sq.ft | 1.000 | 32.000 | 5.760 | 37.760 | L1 |

ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകൾ പ്രകാരം ഏജൻസികളെ എംപാനൽ ചെയ്യുന്നതിന്റെ നടപടിയുടെ ഭാഗമായി പ്രസ്തുത നിരക്കുകൾ സമ്മതമുള്ള പക്ഷം അറിയിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് സൂചന (3) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് ഈ നിരക്കിൽ പാനലിൽ ഉൾപ്പെടുന്നതിന് താത്പര്യമില്ലായെന്ന വിവരം സൂചന (4) പ്രകാരം സൈൻ മാർക്ക് എന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്. സൂചന (5) പ്രകാരം ഈ നിരക്കുകൾ ഫ്രെയിം ആഡ്സ് എന്ന സ്ഥാപനം സമ്മതവും അറിയിച്ചിട്ടുണ്ട്.

4. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനസർക്കാരിന്റെ വിവിധ ക്യാംപെയിനുകളോടനുബന്ധിച്ച് താത്കാലിക ബോർഡ് / സ്ഥാപിക്കുന്നതിന് ചുവടെ പറയും പ്രകാരം ഏജൻസികളെ ഒരു വർഷക്കാലയളവിലേക്ക് പാനൽ ചെയ്ത് കൊണ്ടും ഇതിനായുള്ള നിരക്ക് നിശ്ചയിച്ച് കൊണ്ടും ഉത്തരവാകുന്നു.

| പാനൽ ചെയ്തിട്ടുള്ള ഏജൻസി | District | Item Code | Units | No.of Qty | Rate Without Tax | Tax/Duties (INR) | Rate With Tax |
|---|---|---|---|---|---|---|---|
| റിമൈൻഡർ മീഡിയാ പ്ലാനേഴ്സ് ( L1)<br><br>ഫ്രെയിം ആഡ്സ് & ഇവന്റ്സ് (L2) | Thiruvananthapuram District | item1 | Sq.ft | 1.00 | 28.000 | 5.040 | 33.040 |
| | Kollam District | item2 | Sq.ft | 1.000 | 28.000 | 5.040 | 33.040 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Pathanamthitta | item3 | Sq.ft | 1.000 | 28.000 | 5.040 | 33.040 |
| | Alappuzha | item4 | Sq.ft | 1.000 | 28.000 | 5.040 | 33.040 |
| | Kottayam | item5 | Sq.ft | 1.000 | 28.000 | 5.040 | 33.040 |
| | Idukki | item6 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Ernakulam | item7 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Thrissur | item8 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Palakkad | item9 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Malappuram | item10 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Kozhikkode | item11 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Wayanad | item12 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Kannur | item13 | Sq.ft | 1.000 | 32.000 | 5.760 | 37.760 |
| | Kasargod | item14 | Sq.ft | 1.000 | 32.000 | 5.760 | 37.760 |

5. താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായിട്ടായിരിക്കും എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾക്ക് വർക്ക് നൽകുന്നത്.

1. ഓരോ ജില്ലയിലും താത്കാലിക ബോർഡ് സ്ഥാപിക്കേണ്ട സന്ദർഭത്തിൽ അതത് ജില്ലയിൽ L1 പൊസിഷനിൽ വരുന്ന ഏജൻസിക്കാണ് മുൻഗണന. പ്രസ്തുത ഏജൻസി എന്തെങ്കിലും കാരണവശാൽ ബുദ്ധിമുട്ട് അറിയിക്കുന്ന പക്ഷം L 2 പൊസിഷനിലുള്ള ഏജൻസിക്ക് വർക്ക് നൽകും. കൂടുതൽ ബോർഡുകൾ സ്ഥാപിക്കേണ്ടി വരുന്ന പക്ഷം എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏജൻസികൾക്ക് തുല്യമായ എണ്ണത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് ചുമതല നൽകുന്ന കാര്യവും പരിശോധിക്കും. വകുപ്പ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

2. എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏജൻസികളുടെ സേവനം വകുപ്പിന്റെ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇതേ നിരക്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

3. ബോർഡുകൾ സ്ഥാപിക്കുന്ന ഏജൻസി തന്നെ തദ്ദേശ സ്ഥാപനങ്ങൾക്കുൾപ്പെടെയുള്ള നികുതി ഉൾപ്പെടെ ഒടുക്കേണ്ടതാണ്. നിശ്ചിത കാലയളവിന് ശേഷം സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യേണ്ടതുമാണ്.

4. നിശ്ചിത കാലയളവിന് ശേഷം സ്ഥാപിച്ചിട്ടുള്ള ബോർഡുകളുടെ ഫോട്ടോ സഹിതം അന്തിമ ബിൽ സമർപ്പിക്കേണ്ടതാണ്.

6. ഈ ഉത്തരവിന് ഉത്തരവ് തിയതി മുതൽ ഒരു വർഷക്കാലയളവ് പ്രാബല്യമുണ്ട്. സൂചന (1) ലെ ഉത്തരവുകൾ ഈ ഉത്തരവിന്റെ പ്രാബല്യത്തോടെ അസാധുവാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം

Signed by
Sonia James
Date: 28-06-2024 14:41:30
സെക്ഷൻ ഓഫീസർ

മാനേജിംഗ് ഡയറക്ടർ, റിമൈൻഡർ മീഡിയ പ്ലാനേഴ്സ്, തിരുവോണം, റ്റഇ സി 14/360, New TC 27/729, നന്ദാവനം, പാളയം , വികാസ് ഭവൻ പി ഒ, തിരുവനന്തപുരം -695033

മാനേജിംഗ് ഡയറക്ടർ, ഫ്രെയിം ആഡ്സ് & ഇവന്റ്സ് , 4/926 ഫെറോഖ് , കോഴിക്കോട് 673631

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് പബ്ലിസിറ്റി വിഭാഗം )

ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി )

ഐ&പി ആർ (ബി) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എ & ഇ ) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി